## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 78** **22-07-2021 - ൽ മറുപടിയ്ക്ക്**

## ചുണ്ടമ്പറ്റ ഹൈസ്കൂൾ കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബജറ്റിൽ പൊതുമരാമത്ത് വകുപ്പ് നിർവ്വഹണ ഏജൻസിയായി ചുണ്ടമ്പറ്റ ഹൈസ്കൂൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ബജറ്റിൽ തുക അനുവദിച്ചിട്ടുള്ള പ്രവർത്തിയുടെ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതുമായി ബന്ധപെട്ട നടപടികൾ ഒന്നും തന്നെ ആരംഭിച്ചില്ല എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ? | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 3 കോടി കിഫ്ബി ധനസഹായത്തോടെ ചുണ്ടമ്പറ്റ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിന് 2018-19 വർഷം ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി യായി ഇൻകലിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ കാലതാമസം ഉണ്ടായ സാഹചര്യത്തിൽ എസ്.പി.വി യായി കിലയ്ക്ക് ചുമതല നൽകി ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. തുടർനടപടികൾ കിലയുടെ ഭാഗത്തു നിന്ന് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ